(സി) ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ ദൈനംദിനം നടത്തുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിന്, ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊണ്ട് ഒന്നരലക്ഷം ഡയറികൾ സ്കൂൾ കുട്ടികൾക്കിടയിൽ വിതരണം നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇതിൽ പങ്കാളികളാകുന്ന സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിച്ചു. സബ് ഡിവിഷൻ ലെവൽ ഡിമാന്റ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം.) സെല്ലുകളുടെ ആഭിമുഖ്യത്തിൽ ഈ ക്ലബ്ബുകൾക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഡി.എസ്.എം. സെല്ലുകളുടെ റിപ്പോർട്ടുകളെ ക്രോഡീകരിച്ച് വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ നിയമനം

63 (4645) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇലക്ട്രിസിറ്റി വർക്കർ, മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; എങ്കിൽ എന്ന് എന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിൽ വർക്കർ/മസ്ദൂർ തസ്തികയിൽ, നിലവിൽ ഒഴിവുകളില്ല.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് അംഗീകാരം

64 (4646) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചത് ;

(സി) പ്രസ്തുത അംഗീകാരങ്ങൾ ലഭിക്കുവാൻ വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2010-ൽ ലഭിച്ച IS: 15700:2005 (Service Quality Management System) അംഗീകാരം മൂന്ന വർഷത്തിലൊരിക്കൽ പുതുക്കിവരുന്നു. 2013-ൽ എനർജിക്ക് NABL accreditation ലഭിച്ചിട്ടുണ്ട്.

(സി) 1. IS: 15700:2005-ൽ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും നടപ്പിലാക്കി.

2. MTSL (Meter Testing and Standard Laboratory) തിരുവനന്തപുരം അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സൗജന്യവൈദ്യുതി കണക്ഷൻ

65 (4647) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നൽകിയിട്ടുള്ള സൗജന്യ വൈദ്യുതി കണക്ഷനുകളുടെ വിശദാംശം ജില്ല തിരിച്ച് നൽകാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാനുണ്ട്?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) 851 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. 15-7-2015 വരെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കെല്ലാംതന്നെ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly